Draft #4 of File 2714/AD AI 4/2018/AD A 1 Approved by Registrar on 08-Dec-2023 02:36 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 2714/AD AI 4/2018/എ ഡി എ 1 തീയതി: 08.12.2023

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- 2023 ഡിസംബർ 10 മനുഷ്യാവകാശ ദിനമായി ആചരിക്കുന്നത് - സംബന്ധിച്ച്

സൂചന :- പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നുമുള്ള 07.12.2023 തീയതിയിലെ സിഡി എൻ.4/148/2023/പൊഭവ. നം. സർക്കുലർ

സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ മനുഷ്യാവകാശ നിയമത്തെ പ്രചരിപ്പിക്കുന്നതിനും, അവബോധം വർദ്ധിപ്പിക്കുന്നതിനുമായി എല്ലാവർഷവും ഡിസംബർ 10 മനുഷ്യാവകാശ ദിനമായി ആചരിച്ചുവരുന്നു. മനുഷ്യാവകാശ ദിനമായ 2023 ഡിസംബർ 10 ഞായറാഴ്ചയായതിനാൽ, ഇതിനോടനുബന്ധിച്ച് 2023 ഡിസംബർ 11-ന് രാവിലെ 11.00 മണിയ്ക്ക് എല്ലാ സർക്കാർ സ്ഥാപനങ്ങളിലും മനുഷ്യാവകാശ പ്രതിജ്ഞ എടുക്കേണ്ടതാണെന്ന് സൂചന പരിപത്രം പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി 11.12.2023, തിങ്കളാഴ്ച രാവിലെ 11 മണിയ്ക്ക് സർവ്വകലാശാല ഭരണവിഭാഗം മന്ദിരത്തിലെ ചത്വരത്തിൽ വെച്ച് മനുഷ്യാവകാശ പ്രതിജ്ഞ എടുക്കുന്നതാണ്.
പ്രസ്തുത ചടങ്ങിൽ സർവ്വകലാശാലാ സമൂഹത്തിൽപ്പെട്ട എല്ലാവരും പങ്കെടുക്കേണ്ടതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

സ്വീകർത്താവ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെന്റുകൾ /സ്കൂളുകൾ / സെന്ററുകൾ
2. വൈസ് ചാൻസിലറുടെ / പ്രൊ വൈസ് ചാൻസിലറുടെ പി.എസ്
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ /ഫിനാൻസ് ഓഫീസറുടെ പി.എ.
4. സെക്യൂരിറ്റി ഓഫീസർ / എസ്റ്റേറ്റ് ഓഫീസർ (ആവശ്യമായ ക്രമീകരണങ്ങൾക്കായി)
5. പബ്ലിക് റിലേഷൻസ് ഓഫീസർ (ആവശ്യമായ ക്രമീകരണങ്ങൾക്കായി)
6. റെക്കോർഡ്സ് / നോട്ടീസ് ബോർഡ് / ഫയൽ കോപ്പി.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 2714/AD AI 4/2018/AD A 1 Approved by Registrar on 08-Dec-2023 02:36 PM - Page 2

# <u>മനുഷ്യാവകാശ പ്രതിജ്ഞ</u>

ഞാൻ ഭാരതത്തിന്റെ ഭരണഘടനയിലും ഭാരതത്തിൽ നടപ്പിലാക്കാവുന്ന അന്താരാഷ്ട്ര ഉടമ്പടികളിലൂടെയും സംരക്ഷിക്കപ്പെട്ടിട്ടുള്ള മനുഷ്യാവകാശങ്ങളോട്, നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും, ഈ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി എന്റെ കർത്തവ്യം നിറവേറ്റുമെന്നും, എല്ലാവരുടേയും മനുഷ്യാവകാശത്തേയും ആത്മാഭിമാനത്തേയും യാതൊരു വിവേചനവും കൂടാതെ ബഹുമാനിക്കുമെന്നും, മറ്റുള്ളവരുടെ മനുഷ്യാവകാശത്തെ നേരിട്ടോ അല്ലാതെയോ പ്രവൃത്തി കൊണ്ടോ, വാക്കു കൊണ്ടോ, എന്റെ ചിന്തയിലൂടെയോ ഹനിക്കുകയില്ലെന്നും, മനുഷ്യാവകാശങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി സദാ പ്രതിബദ്ധതയുള്ളവനായിരിക്കുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം